തിരികെ നൽകുന്ന കോഷൻ ഡിപ്പോസിറ്റ് ആയി 10,000 രൂപ മാത്രം വാങ്ങിയതായാണ് പ്രിൻസിപ്പൽ അറിയിച്ചിട്ടുള്ളത്. മറ്റ് കോളേജുകളെ സംബന്ധിച്ച് വേറെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) പരിയാരം മെഡിക്കൽ കോളേജിൽ കഴിഞ്ഞ വർഷം പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ നിന്നും ഫീസിനത്തിൽ ഈടാക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

	മെറിറ്റ് (രൂപ)	മാനേജ്മെന്റ് (രൂപ)	എൻ.ആർ.ഐ. (രൂപ)
ട്യൂഷൻ ഫീസ്	9,875	1,76,000	1,76,000
വികസന ഫണ്ട്	. .	2,24,000	20,00,000
മറ്റു ഫീസ് (ഹോസ്റ്റൽ ഉൾപ്പെടെ)	53,000	53,000	53,000
2-3 വർഷത്തെ ട്യൂഷൻ ഫീസ്, വികസന ഫണ്ട് എന്നിവ മുൻകൂറായി വാങ്ങിയത്	. .	8,00,000	22,29,000
ആകെ	62,875	12,53,000	44,58,000

(ഡി ആന്റ് ഇ) കോഴ്സിന്റെ മുഴുവൻ കാലയളവിലേക്കുള്ള ഫീസ് അഡ്വാൻസായി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയിട്ടില്ല. എന്നാൽ മാനേജ്മെന്റ് സീറ്റിലെ കുട്ടികളിൽ നിന്നും ഭരണസമിതിയുടെ തീരുമാനപ്രകാരം 2-3 വർഷത്തെ ട്യൂഷൻ ഫീസും വികസന ഫണ്ടും ഈടാക്കിയിട്ടുണ്ട്.

സ്വാശ്രയ കോളേജുകൾക്കുവേണ്ട സ്ഥലവിസ്തൃതിയും അദ്ധ്യാപക നിയമന യോഗ്യതാ മാനദണ്ഡവും

*7 [470] ശ്രീ. എ. സി. മൊയ്തീൻ:

,, സാജു പോൾ:

,, വി. കെ. സി. മമ്മത്കോയ:

,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ പരിധിക്കുള്ളിൽ ആരംഭിച്ചിട്ടുള്ള സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ കേന്ദ്ര ഏജൻസികൾ നിശ്ചയിച്ചിട്ടുള്ള സ്ഥലവിസ്തൃതിയെ സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്ഥലവിസ്തൃതിയെ സംബന്ധിച്ച് കേന്ദ്ര ഏജൻസികൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപക നിയമന യോഗ്യതാ മാനദണ്ഡങ്ങൾ പ്രബല്യത്തിലുണ്ടോ;

(ഡി) പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ചാണോ അദ്ധ്യാപക നിയമനം നടത്തുന്നതെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) അദ്ധ്യാപക യോഗ്യതാ മാനദണ്ഡം പാലിക്കാതെ സ്വാശ്രയ സ്ഥാപനങ്ങൾ അദ്ധ്യാപക നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സ്വാശ്രയമേഖലയിലെ അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുമായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട കേന്ദ്ര ഏജൻസികൾ പരിശോധിച്ച് അംഗീകാരം നൽകിയതിനുശേഷമാണ് സംസ്ഥാന സർക്കാർ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നത്.

(ബി) ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സ്ഥല വിസ്തൃതിയെ സംബന്ധിക്കുന്ന വിശദാംശം ചുവടെ ചേർക്കുന്നു:

വിദ്യാഭ്യാസ സ്ഥാപനം	*സ്ഥലവിസ്തൃതി (ഏക്കറിൽ)*	
	മെട്രോ സിറ്റി തലസ്ഥാനം	*മറ്റുള്ളവ*
എഞ്ചിനീയറിംഗ് & ടെക്നോളജി (ഡിഗ്രി)	5.0	10.0
ഫാർമസി (ഡിഗ്രി)	0.5	2.5
ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (ഡിഗ്രി)	0.5	2.5
എം.ബി.എ./എം.സി.എ.	0.5	1.25

മെഡിക്കൽ കോളേജിന് 25 ഏക്കർ സ്ഥലം (സിംഗിൾ പ്ലോട്ട്) ഇന്ത്യൻ മെഡിക്കൽ കൗൺസിലും ഡെന്റൽ കോളേജിന് 5 ഏക്കർ സ്ഥലം ഇന്ത്യൻ ഡെന്റൽ കൗൺസിലും നിഷ്കർഷിച്ചിട്ടുണ്ട്. ബി.എഡ്. കോളേജുകളിൽ ഒരു വിദ്യാർത്ഥിക്ക് 10 ചതുരശ്ര അടി സ്ഥലം ഉണ്ടായിരിക്കണമെന്നാണ് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ നിഷ്കർഷിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ കീഴിൽ വരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ടി ഏജൻസി നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളാണ് അദ്ധ്യാപക നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. മെഡിക്കൽ കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെയും ഡെൻറൽ കോളേജുകളിൽ ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റേയും മാനദണ്ഡങ്ങളാണ് അദ്ധ്യാപക നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ ട്രെയിനിംഗ് കോളേജ് അദ്ധ്യാപകർക്ക് നിഷ്കർഷിച്ചിട്ടുള്ള അക്കാഡമിക് യോഗ്യതയാണ് ബി.എഡ്. കോളേജിലെ അദ്ധ്യാപക നിയമനത്തിന് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഉയർന്ന പ്രായപരിധിയിൽ ഇളവുണ്ട്.

(ഡി ആന്റ് ഇ) മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളും സർവ്വകലാശാലകളും അംഗീകാരം നൽകുകയില്ല എന്നതിനാൽ സർക്കാരിന് ഇക്കാര്യം പരിശോധിക്കേണ്ടി വന്നിട്ടില്ല.

(എഫ്) ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നൽകുന്ന അംഗീകാരത്തിന് വിധേയമായിട്ടാണ് എഞ്ചിനീയറിംഗ് കോളേജുകൾ, ഫാർമസി കോളേജുകൾ, ഹോട്ടൽമാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങൾ, എം.ബി.എ. സ്ഥാപനങ്ങൾ, എം.സി.എ. സ്ഥാപനങ്ങൾ, എന്നിവ സംസ്ഥാന സർക്കാർ അനുവദിക്കുന്നത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി മെഡിക്കൽ കോളേജുകളും ഇന്ത്യൻ ഡെന്റൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി ഡെന്റൽകോളേജുകളും സർക്കാർ അനുവദിക്കുന്നു. എൻ.സി.റ്റി.ഇ.-യുടെ അംഗീകാരത്തിന് വിധേയമായി ബി.എഡ്. കോളേജുകൾ അനുവദിക്കുന്നു. അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനും ബന്ധപ്പെട്ട ഏജൻസികളും സർവ്വകലാശാലകളും ഇപ്പോൾതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു. സ്വാശ്രയമേഖലയിൽ മാത്രമല്ല മറ്റു മേഖലകളിലും അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനു സാഹചര്യമൊരുക്കാൻ സർവ്വകലാശാല നിയമം പരിഷ്കരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മെച്ചപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ലോക ബാങ്ക് സഹായമുള്ള ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കുന്നു. കൂടാതെ എഡ്യൂക്കേഷൻ ഗ്രിഡ് വഴി മികച്ച അദ്ധ്യയനം കോളേജുകളിലെത്തിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. അദ്ധ്യാപകരുടെ പരിശീലനത്തിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്.

റൂറൽ ഹൗസിംഗ് സ്കീം

*8 [471] ശ്രീ. വർക്കല കഹാർ:
പ്രൊഫ. എ. ഡി മുസ്തഫ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റൂറൽ ഹൗസിംഗ് സ്കീം പ്രകാരം എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട്;

(ബി) ഇതിനു കേന്ദ്രത്തിൽ നിന്നും എന്തു ധനസഹായമാണ ലഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly